(ഇ) അടിക്കടി ഉണ്ടായിക്കൊണ്ടിരിക്കുന്ന മദ്യദുരന്തങ്ങൾ ആവർത്തിക്കാതിരിക്കാനും അഴിമതി തടയാനും പോലീസ് വകുപ്പിലേതുപോലെ എക്സൈസ് ഇൻസ്പെക്ടർമാരെ പി.എസ്.സി. വഴി നേരിട്ട് തെരഞ്ഞെടുത്ത് ബറ്റാലിയനായി ട്രെയിനിംഗ് നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 31-1-2005-ൽ ആണ് അവസാനമായി എക്സൈസ് ഇൻസ്പെക്ടർ തസ്തികയിൽ നിയമനം നടത്തിയത്.

(ബി) 46 പേർക്ക് നിയമനം നൽകി പരിശീലനവുമായി ബന്ധപ്പെട്ടിരിക്കുന്നു.*

(സി) ആകെയുള്ള എക്സൈസ് ഇൻസ്പെക്ടർ തസ്തികകളുടെ 25% പി.എസ്.സി. വഴി നേരിട്ടുള്ള നിയമനത്തിലൂടെയും 75% പ്രൊമോഷൻ വഴിയുള്ള നിയമനത്തിലൂടെയും നടത്തുന്നു.

(ഡി) പരിഗണനയിലില്ല.

(ഇ) കേരളാ പബ്ലിക് സർവീസ് കമ്മീഷൻ വഴി നേരിട്ട് നിയമനം ലഭിക്കുന്ന എക്സൈസ് ഇൻസ്പെക്ടർമാർക്ക് ഒന്നിച്ച് ട്രെയിനിംഗ് നൽകുന്നുണ്ട്. ഇപ്പോൾ നിയമനം ലഭിച്ച 46 പേർക്ക് തൃശ്ശൂരിലെ പോലീസ് അക്കാഡമിയിൽ 1-3-2005 മുതൽ പരിശീലനം നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ചോദ്യം നമ്പർ 986-1030 വരെയുള്ള ചോദ്യങ്ങൾ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.*)

മത്സ്യകൃഷി കൂടുതൽ ലാഭകരമാക്കുന്നതിന് ഒരു നെല്ലും-ഒരു മീനും പദ്ധതി

19 (1031) പ്രൊഫ. കെ. വി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യകൃഷി കൂടുതൽ ലാഭകരമാക്കുന്നതിനും വിപുലീകരിക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) കുവൈറ്റ് ഫണ്ട് ഉപയോഗിച്ച് മത്സ്യ കർഷകരെ സഹായിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) ഒരു നെല്ലും ഒരു മീനും പദ്ധതി വിപുലീകരിക്കുമോ;

(ഡി) ഒരു നെല്ലും ഒരു മീനും പദ്ധതിയെക്കുറിച്ച് ഗവൺമെന്റിന്റെ വിശദീകരണം എന്താണ്?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്:

1. സംസ്ഥാനത്തെ 14 ജില്ലകളിലും ഫിഷ് ഫാർമേഴ്സ് ഡെവലപ്മെന്റ് ഏജൻസികൾ മുഖേന കർഷകർക്ക് അർഹമായ തോതിൽ സബ്സിഡി നൽകിവരുന്നു. മത്സ്യകൃഷിയിൽ തല്പരരായ എല്ലാവർക്കും മത്സ്യകൃഷിയിൽ സാങ്കേതിക പരിജ്ഞാനം നൽകുന്നതോടൊപ്പം ബാങ്കു വായ്പ ലഭ്യമാക്കാനുതകുന്ന പ്രോജക്ടുകൾ തയ്യാറാക്കിക്കൊടുക്കുകയും ബാങ്കുകൾ വഴി വായ്പ ലഭ്യമാക്കാനാവശ്യമായ സഹായങ്ങൾ നൽകുകയും ചെയ്യുന്നു.

2. മത്സ്യ/ചെമ്മീൻ കർഷക സംഗമങ്ങളും മേളകളും പ്രദർശനങ്ങളും മത്സ്യകൃഷി പരിപോഷിപ്പിക്കുന്നതിന്റെ ഭാഗമായി നടത്തിവരുന്നു.

3. ഓരുജല മത്സ്യകൃഷി വിപുലീകരിക്കുന്നതിനായി 6 ജില്ലകളിൽ ഓരുജല മത്സ്യകർഷക വികസന ഏജൻസികൾ പ്രവർത്തിച്ചുവരുന്നു. പ്രസ്തുത കൃഷിയിൽ താല്പര്യമുള്ള കർഷകർക്ക് ട്രെയിനിംഗ് നൽകുന്നതിനോടൊപ്പം സാമ്പത്തിക സഹായവും നൽകിവരുന്നു.

4. അഡാക്കിന്റെ നേതൃത്വത്തിൽ കുട്ടനാടൻ മേഖലയിലെ 3500 ഹെക്ടർ പാടശേഖരങ്ങളിൽ 72.21 കോടി രൂപ അടങ്കൽ വരുന്ന ഒരു നെല്ലും ഒരു മീനും പദ്ധതി നടപ്പാക്കിവരുന്നു.

5. മത്സ്യ കർഷകർക്ക് ആവശ്യാനുസരണം മത്സ്യവിത്തുകൾ ലഭ്യമാക്കുന്നതിന് സർക്കാർ തലത്തിൽ മത്സ്യവിത്തുല്പാദന കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നു.

6. ഉൾനാടൻ ജലാശയങ്ങളിലെ മത്സ്യസമ്പത്ത് പരിപോഷിപ്പിക്കുന്നതിനായി ജലസംഭരണികളിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിനും തെരഞ്ഞെടുത്ത ഉൾനാടൻ ജലാശയങ്ങളിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്ന പദ്ധതിയും നടപ്പാക്കിവരുന്നു.

(ബി) കുവൈറ്റ് പദ്ധതിയനുസരിച്ച് കേരളത്തിൽ 2500 ഹെക്ടറിൽ ശാസ്ത്രീയ ചെമ്മീൻ കൃഷി വികസിപ്പിക്കുവാനായിരുന്നു ഉദ്ദേശ്യം. എന്നാൽ ചെമ്മീനെ ബാധിച്ച വൈറസ് രോഗം, പരിസ്ഥിതി പ്രശ്നങ്ങൾ, ഊർജ്ജിത, അർദ്ധ ഊർജ്ജിത ചെമ്മീൻ കൃഷി നിരോധിച്ചുകൊണ്ടുള്ള സുപ്രീംകോടതി വിധി എന്നിവമൂലം പ്രസ്തുത പ്രവർത്തനത്തിന് തടസം നേരിട്ടു. 160 ഹെക്ടറിൽ 42 അർദ്ധ ഊർജ്ജിത ചെമ്മീൻ ഫാമുകൾ വികസിപ്പിക്കുകയും 400.92 ലക്ഷം രൂപ വായ്പയായി നൽകുകയും ചെയ്തു.

(സി) ആലപ്പുഴ കോട്ടയം ജില്ലകളിൽ ഈ പദ്ധതി നടപ്പിലാക്കിക്കഴിഞ്ഞു. പത്തനംതിട്ട ജില്ലയിൽ കൂടി ഇത് വ്യാപിപ്പിക്കുന്നതിന് തീരുമാനമെടുത്തുകഴിഞ്ഞു.

(ഡി) ഈ പദ്ധതി ഇപ്പോൾ വളരെ തൃപ്തികരമായി നടപ്പിലാക്കി വരുന്നു.